പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. T* 262 — 10.12.2018 ൽ മറുപടിക്ക്

## കഞ്ചിക്കോട് കോച്ച് ഫാക്ടറി

**ചോദ്യം**

ശ്രീ.വി.ടി.ബൽറാം
,, ഷാഫി പറമ്പിൽ
,, അൻവർ സാദത്ത്
,, എൽദോസ് പി. കുന്നപ്പിള്ളിൽ

(എ) പാലക്കാട് കഞ്ചിക്കോട് കോച്ച് ഫാക്ടറി സ്ഥാപിക്കുന്നതിൽ നിന്നും കേന്ദ്ര സർക്കാർ പിൻമാറിയതായി അറിയിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള എന്ത് കാരണമാണ് സൂചിപ്പിച്ചിട്ടുള്ളത്;

(ബി) റെയിൽവേയ്ക്ക് കോച്ച് ഫാക്ടറിയുടെ കാര്യത്തിൽ താല്പര്യം ഇല്ലെങ്കിൽ സംസ്ഥാന സർക്കാർ പദ്ധതി ഏറ്റെടുക്കുന്ന കാര്യം ആലോചിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതിക്കായി എത്ര ഏക്കർ സ്ഥലമാണ് സംസ്ഥാന സർക്കാർ ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയത്;

(ഡി) മെട്രോ കോച്ചുകൾ നിർമ്മിക്കുന്ന കമ്പനികളുമായി സംയുക്ത സംരംഭത്തിന് ഈ സ്ഥലം പ്രയോജനപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ എന്നറിയിക്കാമോ?

**മറുപടി**

ശ്രീ. ജി.സുധാകരൻ
(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

(എ) യും (ബി) യും (സി) യും (ഡി) യും

പാലക്കാട് റെയിൽ കോച്ച് ഫാക്ടറിയുടെ പദ്ധതി റെയിൽവേ 2008-09 ലെ ബജറ്റിൽ പ്രഖ്യാപിച്ചതാണ്. പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഏകദേശം 1215 കോടി രൂപ ചെലവിൽ 430.59 ഏക്കർ സ്ഥലത്ത് മൂന്ന് വർഷം കൊണ്ട് പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. 239 ഏക്കർ ഭൂമി റെയിൽവേക്ക് കൈമാറാൻ 28.01.2012 ലെ സ.ഉ (കൈ) നം. 35/2012/റവ പ്രകാരം ഉത്തരവായിരുന്നു. ഇതു കൂടാതെ ആദ്യഘട്ടത്തിൽ 94.85 ഏക്കർ കൂടി പദ്ധതിക്ക് ആവശ്യമാണെന്ന് റെയിൽവേ അറിയിച്ചിരുന്നു. പ്രസ്തുത ഭൂമി കൂടി കൈമാറാനുള്ള നടപടികൾ സ്വീകരിച്ചു വരുമ്പോൾ 230.10 ഏക്കർ മാത്രമേ ഒന്നാം ഘട്ടത്തിൽ ആവശ്യമുള്ളൂവെന്ന് സതേൺ റെയിൽവേ ചീഫ് ജനറൽ എഞ്ചിനീയർ അറിയിക്കുകയും ആയതിൻ പ്രകാരം തുടർന്നുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർത്തി വയ്ക്കുകയുണ്ടായി. പ്രതിവർഷം 400 കോച്ചുകൾ എന്ന ക്രമത്തിൽ പകുതി റെയിൽവേ കോച്ചുകളും പകുതി മെട്രോ കോച്ചുകളും ഉൾപ്പെടെ 4000 ത്തോളം അലുമിനിയം കോച്ചുകൾ നിർമ്മിക്കുവാനുള്ള പദ്ധതിയാണ് ഉണ്ടായിരുന്നത്. എന്നാൽ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ (സെയിൽ) അലുമിനിയം കോച്ചുകൾ നിർമ്മിക്കുന്നതിനോട് താൽപര്യം പ്രകടിപ്പിച്ചില്ല. സ്റ്റീൽ കോച്ചുകൾ നിർമ്മിക്കുന്ന പ്രെപ്പോസലിനാണ് സെയിൽ താൽപര്യപ്പെടുന്നതെന്നും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി നടന്ന മെഗാ പ്രോജക്ടുകളുടെ റിവ്യൂ മീറ്റിംഗിൽ റെയിൽവേ അധികാരികൾ അറിയിക്കുകയുണ്ടായി. നാഷണൽ അലുമിനിയം കമ്പനി (NALCO) യോട് ചേർന്ന് 23% ഓഹരി പങ്കാളിത്ത പദ്ധതിക്ക വേണ്ടിയുള്ള സാധ്യതകൾ പരിശോധിച്ചു വരുകയാണെന്നും പ്രസ്തുത സംരംഭത്തിൽ കേരള ഗവൺമെന്റിന്റെ ഓഹരി പങ്കാളിത്തവും ഉണ്ടാകണമെന്നും PPP മോഡൽ വഴിയായി 26% ഓഹരിപങ്കാളിത്തത്തോടെയുള്ള പദ്ധതിക്ക് ക്യാബിനറ്റ്

അംഗീകാരം നൽകിയിട്ടുണ്ടെന്നും റെയിൽവേ അറിയിച്ചിരുന്നു. എന്നാൽ കഞ്ചിക്കോടിലെ റെയിൽ കോച്ച് ഫാക്ടറി ആരംഭിക്കാത്ത സാഹചര്യത്തിൽ പദ്ധതി എത്രയും പെട്ടെന്ന് ആരംഭിക്കുവാനായി ബഹു. പ്രധാനമന്ത്രിക്കും കേന്ദ്ര റെയിൽവേ മന്ത്രിക്കും 19.06.2018, 24.06.2018 തീയതികളിൽ കത്തുകൾ അയയ്ക്കുകയും എം.പിമാർ വഴിയും ഉദ്യോഗസ്ഥ തലത്തിലും സമ്മർദ്ദം ചെലുത്തുകയും ചെയ്തിരുന്നു. എന്നാൽ 550 കോടി രൂപക്ക് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന ഒന്നാം ഘട്ട പദ്ധതി നടപ്പിലാക്കുവാൻ നിലവിൽ കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നില്ല എന്നും നിലവിലുള്ള റെയിൽവേയുടെ സൗകര്യങ്ങൾ ഭാവിയിൽ ഉണ്ടാകാവുന്ന കോച്ചുകളുടെ ആവശ്യം പരിഹരിക്കാനുതകുന്നതാണെന്നും ആയതിനാൽ പദ്ധതി നടപ്പിലാക്കുവാൻ നിർവ്വാഹമില്ല എന്നും 19.11.2018 ൽ കേന്ദ്ര റെയിൽവേ മന്ത്രി അറിയിച്ചിട്ടുള്ളത്.

SRath.

സെക്ഷൻ ഓഫീസർ